**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4320** **18-03-2025 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം പാറശ്ശാല മണ്ഡലത്തിൽ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും അവയ്ക്കായി ചെലവഴിക്കപ്പെട്ട തുക എത്രയെന്നും വിശദമാക്കാമോ; | (എ) | ഈ സർക്കാർ വന്നശേഷം പാറശ്ശാല മണ്ഡലത്തിൽ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികളും അവയ്ക്കായി ചെലവഴിക്കപ്പെട്ട തുകയും ചുവടെ ചേർക്കുന്നു.<br><br>നാനോ യൂണിറ്റുകൾക്ക് മാർജിൻ മണി ഗ്രാന്റ് : 16,47,044/- രൂപ<br><br>ഒരു കുടുംബം ഒരു സംരംഭം പദ്ധതി : 1,14,751/- രൂപ<br><br>സംരംഭക സഹായ പദ്ധതി : 3,00,000 രൂപ<br><br>എം.എസ്.എം.ഇ ഇൻഷുറൻസ് പദ്ധതി : 2,911/- രൂപ |
| (ബി) | 'ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ' പദ്ധതിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിൽ എത്ര വ്യവസായങ്ങൾ പ്രവർത്തനം ആരംഭിച്ചുവെന്ന് സംരംഭങ്ങളുടെ പേരുവിവരം ഉൾപ്പെടെ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ; | (ബി) | "ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ" പദ്ധതിയുടെ ഭാഗമായി പാറശ്ശാല നിയോജക മണ്ഡലത്തിൽ പുതുതായി ആരംഭിച്ച 2808 ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു :<br><br>1. അമ്പൂരി - 180<br><br>2. ആര്യങ്കോട് - 268<br><br>3. കള്ളിക്കാട് - 157<br><br>4. കൊല്ലയിൽ - 277<br><br>5. കുന്നത്തുകാൽ - 435<br><br>6. ഒറ്റശേഖരമംഗലം - 210<br><br>7. പാറശ്ശാല - 575<br><br>8. പെരുങ്കടവിള – 260<br><br>9. വെള്ളറട - 446 |

| | | | |
|---|---|---|---|
| | | | സംരംഭങ്ങളുടെ വ്യക്തിഗത വിവരങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ലഭ്യമാണ്. |
| (സി) | ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ കുറ്ററ കേന്ദ്രമായി പ്രവർത്തിക്കുന്ന പനമ്പ് നെയ്ത്ത് കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ ടി സ്ഥാപനം സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ പ്രവർത്തനം നടക്കുന്നില്ല. പ്രവർത്തനം തുടർന്നു കൊണ്ടു പോകുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ